"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- അങ്കണവാടിയ്ക്കായി സ്ഥലം വിട്ടുനൽകിയവരുടെ ആശ്രിതനിയമന പദ്ധതി നിർത്തലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(കൈ) നം.5/2025/WCDD തീയതി,തിരുവനന്തപുരം, 29-01-2025

---

പരാമർശം:-
1. സ.ഉ(എം.എസ്)നം. 55/2012/സാക്ഷേവ,തീയതി.18/09/2012
2. സ.ഉ(എം.എസ്)നം. 85/2013/സാനീവ, തീയതി. 19/10/2013
3. സ.ഉ(എം.എസ്)നം. 30/2016/സാനീവ, തീയതി. 07/04/2016
4. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ കത്ത് നം. DWCD/1579/22-ICDSB6, തീയതി. 27/03/2024

**ഉത്തരവ്**

അങ്കണവാടി നിർമാണത്തിനായി സൗജന്യമായി സ്ഥലം നൽകിയിട്ടുള്ള അങ്കണവാടി ജീവനക്കാർ വിരമിക്കുന്ന ഒഴിവിൽ അവരുടെ ഒരു ആശ്രിതയ്ക്ക് നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങളനുസരിച്ച് അങ്കണവാടി ജീവനക്കാരിയായി നിയമനം നൽകുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. അതുപോലെ, അങ്കണവാടിയ്ക്കായി സ്ഥലം സൗജന്യമായി വിട്ടുനൽകുന്ന അങ്കണവാടി ജീവനക്കാരിയല്ലാത്ത വ്യക്തിയ്ക്കോ അല്ലെങ്കിൽ നിയമാനുസൃത ആശ്രിതയ്ക്കോ യോഗ്യത അനുസരിച്ച് അങ്കണവാടിയിൽ നിയമനം നൽകുന്നതിന് പരാമർശം (2) ഉം (3) ഉം പ്രകാരം അനുമതി നൽകിക്കൊണ്ടും ഉത്തരവായിരുന്നു. നിലവിൽ 60%ൽ അധികം അങ്കണവാടികൾക്ക് കെട്ടിടം ഉള്ളതിനാലും കൂടാതെ അങ്കണവാടി കെട്ടിടനിർമ്മാണത്തിന് പുറമ്പോക്ക് ഭൂമി, ഇതര വകുപ്പുകളുടെ ഭൂമി, മറ്റ് സർക്കാർ ഭൂമി എന്നിവയും ലഭിച്ച് വരുന്നതിനാലും സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ എണ്ണത്തിൽ പദ്ധതി ആരംഭിച്ച വർഷത്തിൽ നിന്നും കുറവ്

വന്നതിനാലും അങ്കണവാടിയ്ക്കായി സ്ഥലം ദാനം ചെയ്തവർക്കോ അവരുടെ ആശ്രിതർക്കോ ഉള്ള നിയമനത്തിനുള്ള സീനിയോരിറ്റി ലിസ്റ്റിൽ, സംസ്ഥാനത്തൊട്ടാകെ നിയമനത്തിനായി കാത്തിരിക്കുന്ന 1700-ൽ പരം വ്യക്തികൾ ഉള്ളതിനാലും ഭാവിയിൽ നിയമനം പ്രതീക്ഷിച്ച് സ്ഥലം ലഭിക്കാനുള്ള സാധ്യത വിരളമായതിനാലും പദ്ധതി ആരംഭിച്ച സമയത്തെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാൻ സാധ്യതയുള്ളതായി കാണാത്തതിനാലും പദ്ധതി വകുപ്പിന് ഗുണകരമല്ലെന്നും പദ്ധതി പിൻവലിക്കാവുന്നതാണെന്നും പരാമർശം (4) പ്രകാരം വനിതാശിശുവികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ അങ്കണവാടികൾക്കായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി വിട്ടു നൽകുന്നവരുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്ന പദ്ധതി ചുവടെ വിവരിക്കുന്ന ഉപാധികളോടെ നിർത്തലാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(1). പദ്ധതി നിർത്തലാക്കുന്നതിന് ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(2). ഉത്തരവ് തീയതിവരെ ജോലിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നിയമനാധികാരി അർഹത പരിശോധിച്ചു തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(3). കോടതി വ്യവഹാരങ്ങൾ നടക്കുന്ന കേസുകളിൽ ബഹു. കോടതി വിധികൾക്ക് അനുസൃതമായി നിയമനാധികാരി തുടർനടപടി പരിശോധിച്ചു തീരുമാനിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ

ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Sithara Vijayan
Date: 30-01-2025 11:17:37

സെക്ഷൻ ഓഫീസർ